

e-DRIZZLE
DIGITAL MAGAZINE
little KITEs
LITTLE KITES 2018-19
GOVT.MODEL HSS KOZHIKODE

# GOVT.MODEL HSS KOZHIKODE



# EDITORIAL BOARD






| | |
|---|---|
| CHIEF EDITOR | :GOURI K |
| STAFF EDITOR | :SAMEENA |
| STUDENT EDITOR | :VIKAS VS |
| | |
| EDITORS | JAYANTHIMATHY |
| | BEEGUM MEHAJABEEN U |
| | NAJMA |
| | DINAPRABHA |
| | NISHA MP |
| | AMEGH P |
| | ATHUL P |
| | SNEHAL P |
| | MUHAMMED SINAN |
| | LATHA P |
| | |
| KITE MISTRESS | BINDU TV |
| | REJITHA T |
| | |
| COVER PAGE | :SNEHAL P |



# MESSAGE

In the fast growing cyber world,everything is moving digitally and I have great pleasure to know our children are also with Digital World.I happily appreciate all our Little Kites for this attempt and I give all my blessings for this digital magazine






ഗവ.മോഡൽ എച്ച് എസ് വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത പുറത്ത്കൊണ്ടുവരുവാൻ

ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

ഹെഡ്മിസ്ട്രസ്
ഗൗരിടീച്ചർ



പ്രിയപ്പെട്ട ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരേ...

വിവര സാങ്കേതിക വിദ്യയുടെ അനന്തമായ നീലാകാശത്തിൽ കുഞ്ഞിചിറകുകളടിച്ച് ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് ഉയർന്നുയർന്ന് പറക്കാൻ വെമ്പുന്നതിനിടയിൽ,

ചുറ്റുമുള്ള ചതിക്കുഴികളെ തിരിച്ചറിഞ്ഞു കൊണ്ട്,

ശക്തമായ നിയമത്താൽ സുരക്ഷിതമായ വിവര സാങ്കേതിക വിദ്യയെ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്ത്,

നേടുന്ന അറിവുകൾ സമൂഹ നൻമക്കായി ഉപയോഗപ്പെടുത്തുവാൻ നിങ്ങൾക്ക് സാധിക്കും.

ഡിജിറ്റൽ മാഗസിൻ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങിയ ഗവ.മോഡൽ HSS ലെ കുട്ടിപട്ട കൂട്ടത്തിനും അവരെ മുന്നിൽ നിന്ന് നയിക്കുന്ന അധ്യാപകർക്കും, ഇതിന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുന്ന ഒരോരുത്തർക്കും ഭാവുകങ്ങൾ നേരുന്നതിനായി ഒരവസരം കിട്ടിയത് എന്റെ ജീവിതത്തിലെ മഹാഭാഗ്യമാണ്...
അഭിമാനമാണ്.
സർവ്വ മംഗളാശംസകളോടെ...
സസ്നേഹം
പി. ടി. എ. പ്രസിഡന്റ്
എൻ.രാധാകൃഷ്ണൻ



നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ കൊച്ചു കൂട്ടുകാർ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു


ഷൈനി ജോസഫ്

സീനിയർ ടീച്ചർ

പ്രിയരേ,

സർഗ്ഗാത്മകതയും സാങ്കേതികവിദ്യയും സമന്വയിക്കുന്ന സുന്ദരമുഹൂർത്തങ്ങളാണ് ഈ താളുകൾ.ഓരോ ചിന്തയും സ്വപ്നവും കർമവും സാഫല്യമാകുന്ന ഈ ധന്യനിമിഷത്തിൽ നിങ്ങളോരോരുത്തരുടെയും അനുഗ്രഹവും പ്രാർത്ഥനയും പ്രതീക്ഷിച്ചുകൊണ്ട്...........





പ്രിയ കൂട്ടുകാരെ,

സന്തോഷവും സമാധാനവും നിറഞ്ഞ ഒരു പുതുവർഷം ഏവർക്കും ആശംസിക്കുന്നു. അനുദിനം മാറികൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അതിനാലാണ് നൂതനസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിരൽതുമ്പിൽ വിജ്ഞാനം എന്ന ആശയം മുന്നിൽ കണ്ടുകൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ തീരുമാനിച്ചത്.ഗവ.മോഡൽ എച്ച്.എസ്.എസ് ലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ ഏവർക്കുമായി സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ
വികാസ് വിഎസ് 9D
സ്റ്റുഡന്റ് എഡിറ്റർ

വിദ്യാർത്ഥികളുടെ സാങ്കേതികപരിജ്ഞാനം പരിപോഷിപ്പിക്കുകയെന്ന ലക്ഷ്യത്തിൽ വിരിഞ്ഞ

ഇ-ഡ്രിസിൽ  മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



REJITHA T
KITE MISTRESS

# Introduction

We proudly publish the DIGITAL MAGAZINE of Govt.Model HSS Kozhikode,by presenting the talent and creativity of our students and staff through e-DRIZZLE.Our LITTLE KITES and teachers devoted their time for preparing this magazine.We take this opportunity to thank all,those who spare their valuable time by sending their best wishes for the magazine in the form of messages.We truely hope that the pages that follow will make interesting read.



Bindu TV
Kite Mistress


# Little kite unit
# Govt.Model HSS Kozhikode





Latha
9E

# ചെവിയുടെ മറിമായം



ഒരു മൊരിച്ച റൊട്ടികഷ്ണം കടിച്ചു തിന്നുമ്പോൾ നമുക്ക് ഭയങ്കര ശബ്ദം അനുഭവപ്പെടും.എന്നാൽ അടുത്തിരിക്കുന്നയാൾ അതേ കാര്യമാണ് ചെയ്യുന്നതെങ്കിലും വളരെ ചെറിയ ശബ്ദമേ കേൾക്കുന്നുള്ളൂ. എന്തുകൊണ്ടാണിത്?നമ്മളുണ്ടാക്കുന്ന ശബ്ദം നമ്മൾ മാത്രമേകേൾക്കുന്നുള്ളൂ.എന്നതാണ് കാര്യം.അതു കൊണ്ട് നമ്മൾ അടുത്തുള്ളവരെ ശല്യപ്പെടുത്തുന്നില്ല. വഴക്കമുള്ള എല്ലാ ഖരവസ്തുക്കളെയും പോലെ നമ്മുടെ തലയിലെ എല്ലുകൾ ഒന്നാന്തരം ശബ്ദ ചാലകങ്ങളാണ്.സഞ്ചരിക്കുന്ന മാധ്യമത്തിന് ഘനത്വമേറുന്തോറും ശബ്ദത്തിന്റെ ശക്തിയും വർദ്ധിക്കുന്നു. അടുത്തിരിക്കുന്നയാൾ മൊരിച്ച റൊട്ടി കടിച്ചു തിന്നുന്ന ശബ്ദം പതുക്കെ കേൾക്കുന്നത് അത് വായുവിലൂടെ നമ്മുടെ ചെവിയിലെത്തുന്നത്കൊണ്ടാണ്. എന്നാൽ നമ്മുടെ തലയിലെ ഖരമായ അസ്ഥികളിലൂടെ ശ്രവണനാഡിയിലൂടെയെത്തുമ്പോൾ അതേ ശബ്ദം ഇടിമുഴക്കമായി മാറുന്നു.

ഈയൊരു പരീക്ഷണം നടത്തി നോക്കൂ.. പോക്കറ്റ് വാച്ചിന്റെ കൊച്ചു വളയം കടിച്ച് പിടിച്ച്കൊണ്ട് ചെവി രണ്ടും പൊത്തി പിടിക്കുക. കൊട്ടു വടികൊണ്ടടിക്കുന്ന പോലെ അനുഭവപ്പെടും. വാച്ചടിക്കുന്ന ടിക് ടിക് ശബ്ദം അത്ര വലുതായിട്ടാണ് കേൾക്കുന്നത്.

തന്റെ ഊന്നുവടിയുടെ ഒരറ്റം പിയാനോയിൽ മുട്ടിച്ച് വക്കുകയും മറ്റേ അറ്റം കടിച്ച് പിടിക്കുകയും ചെയ്ത് കൊണ്ട് ബധിരനായ ബിഥോവൻ പിയാനോ സംഗീതം കേട്ടിരുന്നതത്രേ! ആന്തരകർണ്ണത്തിന് തകരാറൊന്നുമില്ലെങ്കിൽ ബധിരന്മാർക്ക് ഇതേ വിധത്തിൽ തന്നെ സംഗീതത്തിനൊപ്പിച്ച് നൃത്തം ചെയ്യാൻ കഴിയും. തറയും എല്ലുകളും വഴി ശബ്ദം അവരുടെ ശ്രവണ നാഡിയിലെത്തുന്നു.

"വെൻടിലോകിസ്വം അത് കാഴ്ച വക്കുന്ന അത്ഭുതങ്ങളുമെല്ലാം തന്നെ മേൽപറഞ്ഞശ്രവണസവിശേഷതകളെആധാരമാക്കിയതാണ്വെൻടിലോക്കിസം ഉളവാക്കുന്ന മിഥ്യാ പ്രതീതിപൂർണ്ണമായും ആശ്രയിച്ചിരിക്കുന്നത് ശബ്ദം വരുന്നത് എവിടെ നിന്നാണെന്നോ എത്ര ദൂരത്തു നിന്നാണെന്നോ തിട്ടപ്പെടുത്താനുള്ള നമ്മുടെ കഴിവില്ലായ്മയെയാണ്. സാധാരണ ഗതിയിൽ തന്നെ നമ്മുടെ ഊഹം ഏറെക്കുറെ ശരിയായിരിക്കുമെന്നേയുള്ളൂ. അസാധാരണ സാഹചര്യങ്ങളിലാവട്ടെ നമ്മുക്ക് പറ്റുന്ന അബദ്ധം ചെറുതൊന്നുമല്ല.



ASHIK LAL VT 9D

# LOVE



***Love towards every thing***
***Love spreads all around the world***
***The love is like a bold thing***
***Love is wonder and peaceful***

***the love was darkening***
***but also lightening***
***where ever we have love***
***there is also problems***

***love is like four petals of flower***
***the heart is full of fragrance***
***love comes with a magic***
***and goes with fires in our life***

***everything is precious in our life***
***love is spread like a perfume***
***love is shining like a pearl***
***love is everything but nothing***


# ***I LOVE MY DAD***

***Aifa Hameed,*** ***10 G***



I love my dad
he is my sole model
I love him .........
he care me , love me
so,I really love you dad.....

Dad,is just like god,
give birth to me......
I like to fly in
this beautiful world...!




he build a palace for me
there I am the angel
of my dad .......

I love this world
because my love is here
that my dad ......
I love you dad ....

I am always thankful to god ....
because he gave me a
super hero.... I love my dad

when there is no dad..
I can't live here ....
because my love dad
lost in this world .......

so I need my dad
to live , in this beautiful
*world, love you dad.....*



**BINDU BAI**
**HST MALAYALAM**

# കുരുന്നു പൂവുകൾ

കുരുന്നു കുമ്പുകൾ കരിഞ്ഞ് പോവുന്നു
പുതിയ ജീവിത സമരഗ്രീഷ്മത്തിൽ
പഴമനസിന്റെ കവിതകൾ മൂളും
പരന്ന പാടമില്ലവന്റെ സ്വപ്നത്തിൽ
പകൽകിനാവില്ല കട്ടും പച്ചയില്ല
മനസിലൂട്ടുന്നു കടുത്ത മാത്സര്യം
വെറുതെ വിട്ടേക്കൂ കുരുന്നു പൂക്കളെ
അവരല്പനേരം കിനാവ് കാണട്ടെ...





# മനുഷ്യനും പ്രകൃതിയും പ്രളയത്തിന്റെ പശ്ചാത്തലത്തിൽ

**DEVIKA *9A***


ഇതുവരെയും കണ്ടിട്ടില്ലാത്ത ഒരു വലിയ പ്രകൃതിദുരന്തത്തിൽ നിന്നും കരകയറിയിരിക്കുകയാണ് ദൈവത്തിന്റെ സ്വന്തം നാടായ കേരളം.കായലും, തെങ്ങും, തെയ്യവും, നെൽക്കതിരും, പുലികളിയുമൊക്കെയുള്ള ഹരിതമോഹനമായ നമ്മുടെ കേരളം ഒരുപാട് മാറിയിരിക്കുന്നു.

ഈ പ്രളയത്തിന്റെ കാരണക്കാർ നമ്മൾ തന്നെയാണ്. കേരളീയ സംസ്കാരം ഏറെ മാറിക്കഴിഞ്ഞിരിക്കുന്നു.വയലുകൾ നികത്തി കെട്ടിടങ്ങൾ പണിതു. മുറ്റം കോൺക്രീറ്റും ടൈലും പാകി മിനുക്കി. മണ്ണിന്റെ വിലയറിയാത്തവരായി മലയാളി മാറി. മഴവെള്ളം ആഴ്ന്നിറങ്ങാൻ പറ്റാത്ത അവസ്ഥ.പ്രളയത്തെ നേരിടേണ്ടി വന്നതിന് ഇതും കാരണങ്ങളായി.

എല്ലാ പ്രതിസന്ധികളെയും നാം മറികടന്നു. പഴയ കേരളത്തെ വീണ്ടെടുത്തു കൊണ്ടിരിക്കുകയാണ്.ഈ പ്രളയത്തിൽ നാം ഒറ്റക്കായിരുന്നില്ല. ഒറ്റക്കെട്ടായാണ് പ്രവർത്തിച്ചത്. വലിയ വനെന്നോ ചെറിയ വനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ദുരിതാശ്വാസ ക്യാമ്പിൽ. പലർക്കും രക്ഷകരായത് മത്സ്യതൊഴിലാളികൾ. പ്രകൃതിയോട് നാം ചെയ്തതിനോടുള്ള തിരിച്ചടിയായിരുന്നു നാം നേരിട്ടത്. മനുഷ്യൻ മാത്രമല്ല മൃഗങ്ങളും മിണ്ടാപ്രാണികളും ഇതിനിരയായി. വിലപ്പെട്ട ഒരു പാട് ജീവനുകൾ നമുക്ക് നഷ്ടപ്പെട്ടു.

ഈ അവസ്ഥയിൽ നമ്മുടെ കൂട്ടായ പരിശ്രമങ്ങളിൽ നമുക്കഭിമാനിക്കാം.രാജ്യത്തിന്റെ നാവികസേന,മത്സ്യതൊഴിലാളികൾ,സാമൂഹിക പ്രവർത്തകർ...പ്രായഭേദമന്യേ നാം ദുരിതാശ്വാസത്തിനായി പ്രവർത്തിച്ചു.

പ്രകൃതി നമുക്കിട്ട ഈ പരീക്ഷയിൽ നാം ഒരു പാട് പാഠങ്ങൾ പഠിച്ചു. ഇനിയെങ്കിലും മനുഷ്യന്റെ സ്വാർത്ഥതക്കും അഹങ്കാരത്തിനും ഒരു ശമനമുണ്ടാവട്ടെ. ഒരു കാര്യം മറക്കാതിരിക്കുക, പ്രകൃതിയുണ്ടെങ്കിലേ മനുഷ്യനുള്ളൂ....പ്രകൃതിയെ നശിപ്പിക്കല്ലേ.....



little kite unit inauguration and sub.dist.level camp











# അനുഭവങ്ങളുടെ സാക്ഷ്യം

2017-18 അധ്യയന വർഷത്തിലാണ് അജിത്ത് കുമാർ എന്ന ബുദ്ധി പരമായ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടി സ്കൂളിൽ ഒൻപതാം ക്ലാസിൽ എത്തിയത്. ചേർന്നെങ്കിലും രണ്ടര മാസത്തോളം അവൻ സ്കൂളിൽ വന്നില്ല. RT ആയ ഞാൻ സർവ്വെയൊക്കെ നടത്തിയെങ്കിലും അവൻ ഉള്ള തായി അറിഞ്ഞതുമില്ല. പിന്നീട് ദീപ ടീച്ചർ പറഞ്ഞപ്പോഴാണ് അറിഞ്ഞത്, അന്വേഷിച്ചപ്പോൾ ശ്യാമള ടീച്ചറുടെ ക്ലാസായ 9F ലാണെന്ന് മനസിലായി. ശാരീരിക പ്രശ്നങ്ങൾ കാരണം ശ്യാമള ടീച്ചർ
അവധിയായതിനാൽ ക്ലാസ് നിയന്ത്രണം വളരെ പ്രയാസമായതും കുട്ടികളുടെ പരാതി കാരണവുമാണ് അജിത്ത് വരാത്തതെന്ന് മനസിലായി.

അവന്റെ സഹോദരനും അതേ ക്ലാസിലെ കുട്ടിയുമായ അശോകിനോട് കാര്യങ്ങൾ അന്വേഷിച്ചു. ക്ലാസിൽ അജിത്ത് എല്ലാവരെയും തുപ്പും, പെൺകുട്ടികളെ കയറി പിടിക്കും, ക്ലാസിൽ അടങ്ങിയിരിക്കില്ല, അടിയുണ്ടാക്കും, എന്നിങ്ങനെ ക്ലാസിലെ കുട്ടികളും പ്രതികരിച്ചു. അവൻ ക്ലാസിൽ വരുന്നതിനെ കുട്ടികൾ ഒട്ടും പ്രോത്സാഹിപ്പിക്കില്ല എന്ന് മനസിലാക്കിയ ഞാൻ കുട്ടികളോട് ഇത്തരം കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രശ്നങ്ങളും പ്രയാസങ്ങളും ചർച്ച ചെയ്തു. അതിന് ശേഷം ആ ക്ലാസിൽനിന്നും അജിത്തിനെ സഹായിക്കാനും ശ്രദ്ധിക്കാനും താത്പര്യമുള്ള ഏഴ് കുട്ടികളെ കണ്ടെത്തുകയും, അജിത്ത് വന്നാൽ ചെയ്യേണ്ട കാര്യങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു.

എന്നാൽ മറ്റ് ക്ലാസുകളിലെ കുട്ടികൾ അജിത്തിനെ ഒരു അത്ഭുത വസ്തുവായി കാണുന്നു. അതിനാൽ അവസരം കിട്ടുമ്പോഴെല്ലാം അവർ അജിത്തിനെ തേടിവരുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നുണ്ട് എന്നറിഞ്ഞതിനാൽ അതേ ബ്ലോക്കിലെ മറ്റ് ക്ലാസുകളിലെല്ലാം കയറി കുട്ടികളെ ബോധവൽക്കരിച്ചു.അവരെല്ലാവരും അജിത്ത് സ്കൂളിൽ വരണമെന്നും, അവനുമായി സഹകരിക്കുമെന്നും ഉറപ്പ് നൽകി.ഇതനുസരിച്ച് ശ്യാമള ടീച്ചറും കുട്ടികളുമായി സംവദിക്കുകയും അജിത്തിനെസ്വീകരിക്കാൻതയ്യാറാവുകയും ചെയ്തു. അതിനാൽ ഞാൻ അജിത്തിന്റെ രക്ഷിതാക്കളുമായി ബന്ധപ്പെടുകയും അവനെ സ്കൂളിൽ പറഞ്ഞയക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.മുക്കൊലിപ്പും മറ്റുമുണ്ടെങ്കിലും നല്ലവൃത്തിയിലാണ് അജിത്തിനെ അമ്മ കൊണ്ടുവന്നത്. ക്ലാസിൽ കുട്ടികളെല്ലാവരും വളരെ സന്തോഷത്തോടെ അവനെ സ്വീകരിച്ചു.

എന്നാൽ വീണ്ടും മറ്റു ക്ലാസുകളിലെ കുട്ടികൾ ക്ലാസിൽ കയറി വരുന്നതും അജിത്തിന്റെ അയൽ വാസികളായ കുട്ടികളുടെ ഇടപെടലുകളും വീണ്ടും പ്രശ്നങ്ങൾ ഉണ്ടാക്കുവാൻ കാരണമായി. അതോടെ അധ്യാപകരും ഇനിയെന്ത് എന്ന ആശങ്കയിലായി.എന്നാൽ എല്ലാവർക്കും ആശ്വാസമാവാൻ എനിക്ക് സാധിച്ചു എന്ന് തോന്നുന്നു. ഞാൻ അധിക സമയവും ആ ക്ലാസിലും അതിന്റെ പരിസരങ്ങളിലുമായി നിലയുറപ്പിച്ചു.എല്ലാ കുട്ടികളുമായി നല്ല ചങ്ങാത്തത്തിലുമായി. അതില്ലെങ്കിൽ അവർ എന്നെ ഉൾക്കൊള്ളില്ല എന്നെനിക്കറിയാം. ഈ സമയങ്ങളിൽ എന്റെ മകന്റെ അനുഭവങ്ങളും ഞാൻ അനുഭവിച്ച യാതനകളും

അവരുമായി പങ്കിട്ടു. അതു കൊണ്ടു തന്നെ അജിത്തിനെ മനസിലാക്കാനും സഹകരിക്കാനും കുട്ടികൾ കുറെയേറെ തയ്യാറായി.

പിന്നീട് പ്രശ്നമായത് അശോകാണ്.കാരണം അജിത്ത് വരുന്നതും പ്രശ്നങ്ങൾ ഉണ്ടാവുന്നതും അവന് നാണക്കേടായി. ഫോൺ ഉപയോഗിച് ഇത്തരം കുട്ടികളുടെ ദയനീയമായ പല അവസ്ഥകളും അവന് ഞാൻ കാണിച് കൊടുത്തു. അത്തരം കുട്ടികളുടെയും വീട്ടുകാരുടെയും ദുരിതങ്ങളും അവരെ ബോധ്യപ്പെടുത്തി. കണ്ണുകൾ നിറഞ്ഞൊഴുകിയ അവൻ അജിത്ത് സ്കൂളിൽ വരുന്നതിനെ അനുകൂലിച്ചു.


ഇതിനിടയിൽ അജിത്ത് വീണ്ടും സ്കൂളിൽ വരാതായി. കുറെ ദിവസം തുടർച്ചയായി വിളിച്ചപ്പോൾ ഒരു ദിവസം അവനെ അമ്മ കൊണ്ടുവന്നു. അന്ന് അവന്റെ വലത്തെ കൈവെള്ള വട്ടത്തിൽ പൊള്ളിയതായി കണ്ടു. അമ്മയെ നിർബന്ധിച്ചപ്പോൾ അവർ ലോട്ടറി വിൽപ്പനക്കും അച്ഛൻ കൈനോട്ടത്തിനുമായി പോയിക്കഴിഞ്ഞാൽ അജിത്ത് ഭട്ട് റോഡ് ബീച്ചിൽ കറങ്ങുമെന്നും അവിടെ നിന്നും കിട്ടുന്ന കാശു കൊണ്ട് പലതും വാങ്ങി കഴിക്കുമെന്നും പറഞ്ഞു. അങ്ങനെ കൈ നീട്ടിയപ്പോൾ ആരോ ചെയ്തതാണ്.അതോടെ അജിത്തിനെയുമായി ഞാൻ ആ ബ്ലോക്കിലെ എല്ലാ ക്ലാസിലും കയറി. അവനെ സ്കൂളിൽ ഇരുത്തിയാൽ ഇത്തരം അപകടങ്ങളിൽ നിന്നും ഭിക്ഷാടനത്തിൽ നിന്നും രക്ഷിക്കാൻ പറ്റുമെന്നും കുട്ടികളെ ബോധ്യപ്പെടുത്തി.ഇത് കുട്ടികളിൽ വലിയൊരു മാറ്റമുണ്ടാക്കാൻ സാധിച്ചു.

അതോടൊപ്പം ഞാനും മറ്റ് ഭിന്നശേഷിക്കാരും അവരുടെ ചങ്ങാതിക്കൂട്ടവും ചേർന്നു നടത്തി വരുന്ന കൃഷിയിൽ അജിത്തിനെയും പങ്കാളിയാക്കി. ഇതവന് വളരെയിഷ്ടപ്പെട്ട ജോലിയായി തോന്നി. പക്ഷെ അധിക ദിവസവും, ചിലപ്പോൾ ആഴ്ചകളോളം ക്ലാസിൽ വരാതിരിക്കുന്നത് തുടർ പ്രവർത്തനത്തിനും പഠനപുരോഗതിക്കും തടസമായി.

എന്നാൽ 18-19 വർഷം തുടക്കം തന്നെ രക്ഷിതാക്കളെ വിളിച്ച് കർശനമായി പറഞ്ഞതിനാൽ അധിക ദിവസവും ക്ലാസിൽവരുന്നുണ്ട്. അതുകൊണ്ട് തന്നെ സ്കൂളിൽ വന്നാൽ ഒട്ടും സംസാരിക്കാതിരുന്ന അവൻ കുട്ടികളോടും എന്നോടും അത്യാവശ്യം സംസാരിക്കാൻ തുടങ്ങിയത് വലിയൊരു നേട്ടമായി കാണുന്നു.

സ്വന്തമായി എഴുതിയാൽ ഇ സി ജി ഗ്രാഫ് പോലെ മാത്രം വരക്കുന്ന അവൻ ഞാൻ കൈ പിടിച്ചാൽ കുത്തനെ വരക്കാനും പൂജ്യം വരക്കാനും ശ്രമിക്കുന്നുണ്ട്. ഏറെ പ്രശ്നമുണ്ടാക്കിയിരുന്നത് അവന്റെ ക്ലാസിലെ പെൺകുട്ടികളായിരുന്നു. അവനുണ്ടെങ്കിൽ അവർ ക്ലാസിലിരിക്കാൻ പോലും മടി കാണിച്ചിരുന്നു.എന്നാൽ അവനുമായുണ്ടാക്കിയ സൗഹൃദമാവാം ഈ വർഷം അവരും അജിത്തിനെ ഉൾക്കൊള്ളാൻ തയ്യാറാണ്. ഇതിനുദാഹരണമായി ഒരു ദിവസം ഉച്ചഭക്ഷണം കഴിഞ്ഞ ശേഷം ഞാൻ നോക്കുമ്പോൾ അജിത്തും ഗസലും സ്മൃതിലയയും മറ്റ് രണ്ട് പെൺകുട്ടികളും കൂടി ഗ്രൗണ്ടിലൂടെ ഓടുന്നത് കണ്ടു. ഞാനാകെ പരിഭ്രമിച്ച് അവർക്കൊപ്പംഓടിയെത്തി. 'എന്താ മോളേ ' എന്ന് ചോദിച്ചപ്പോൾ അവൾ തിരിച്ച് 'എന്താ ടീച്ചർ ഞങ്ങൾ കളിക്കുകയായിരുന്നു' എന്ന് ചിരിച്ച് കൊണ്ട് പറഞ്ഞു. ആ നിമിഷം ഞാനനുഭവിച്ച സന്തോഷം വളരെ വലുതായിരുന്നു. കാരണം അജിത്ത് ക്ലാസിൽ വരുന്നതിനെ ഏറ്റവുമധികം എതിർത്തത് അവളായിരുന്നു. അതെ സ്മൃതി ലയ.

PADMA NISHA,
Resource teacher



Sreedev Renjith P
8D

# <u>ലഹരി തകർത്ത ജീവിതം</u>





***Haripriya A***
***10B***

ഗോപുവും നന്ദിനിയും വളരെ കഷ്ടപ്പെട്ടാണ് ജീവിതം നയിച്ചിരുന്നത്. അവർക്ക് ഒരു മകൻ കണ്ണൻ.എല്ലാത്തിനും കേമൻ.ആരും കണ്ണ് വച്ച് പോവുന്ന പൊന്നോമന. നന്ദിനി എപ്പോഴും പറയും "ഹൊ! എന്തിനാണ് ഈ നാട്ടുകാർ എപ്പോഴും എന്റെ കണ്ണനെ ഓമനിക്കുന്നത്. അവന് കണ്ണ് തട്ടില്ലേ..?". അപ്പോൾ ഗോപു പറയും, " നിന്റെയൊരു അന്ധവിശ്വാസം".അങ്ങനെ ഗോപു വളർന്നു. പത്തിലും പ്ലസ്ടുവിലും നല്ല മാർക്ക്. അവന്റെ ആഗ്രഹം BA ഇംഗ്ലീഷ് ന് പഠിക്കണം. ഒരു വലിയ ഇംഗ്ലീഷ് പ്രൊഫസറാവണം. അങ്ങനെയവൻ പട്ടണത്തിൽ പഠിക്കാനെത്തി. അവിടെ അവനൊരുപാട് ദുരനുഭവങ്ങളുണ്ടായി. സീനിയേഴ്സിന്റെ റാഗിംങ്. അവരുടെ തുണിയലക്കണം, ബാത്ത്റൂംവൃത്തിയാക്കണം, നോട്ടെഴുതണം... അങ്ങനെയെന്തൊക്കെ....

ഒരു ദിവസം കണ്ണൻ റൂമിലേക്ക് വരുമ്പോൾ അവന്റെ സുഹൃത്ത് ജോസഫ് ലഹരി മരുന്ന് ഉപയോഗിക്കുന്നു. അത് കണ്ടപ്പോൾ കണ്ണർ ജോസഫിനെ വിലക്കി. അങ്ങിനെ ജോസഫിന്റെ നിരന്തര പ്രേരണ മൂലം കണ്ണനും ലഹരി ഉപയോഗിക്കാൻ തുടങ്ങി.ലഹരിക്കടിമയായി. അവൻ അച്ഛനെ മറന്നു...അമ്മയെ മറന്നു...സ്വന്തം നാട്ടും പഠനവും മറന്നു. എപ്പോഴുമവൻ മദ്യത്തിനും മയക്കുമരുന്നിനും അടിമയായി. കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ തുടങ്ങി. പോലീസിന്റെ കണ്ണിലെ കരടായി മാറിയവൻ. ഒരു ദിവസം ജഡ്ജി സോമശേഖരനെയും കുടുംബത്തേയും വധിച്ചു. എന്തിനെന്നോ...? അവൻ ചെയ്ത കൊലപാതകത്തിന്റെ വിധി അന്നായിരുന്നു വരുന്നത്. അത് വിധിക്കേണ്ടത് സോമശേഖരനാണ്.. അത് അവനെതിരാവുമെന്ന് അവനറിയാം. അത് തടയാനാണ് ഇത്രയും വലിയൊരു ക്രൂരത ചെയ്തത്. അവന് വധശിക്ഷ തന്നെ കോടതി വിധിച്ചു. അവനോട് അവസാനത്തെ ആഗ്രഹമെന്താണെന്ന് പോലീസുകാരൻ ചോദിച്ചു.അവൻ പറഞ്ഞു, എനിക്കെന്റെ അച്ഛനെയും അമ്മയെയും കാണണമെന്ന്. " അച്ഛനും അമ്മയും എന്നോട് ക്ഷമിക്കണം. എനിക്ക് മാപ്പ് തരണം. ഞാൻ വലിയൊരു തെറ്റിലാണ് ഏർപ്പെട്ടത്. എനിക്ക് വേണ്ടി നിങ്ങളീലോകത്തോട് പറയണം.... ലഹരി വെടിയൂ... നല്ലൊരു നാളേക്കായ്... നല്ലൊരു ലോകത്തിനായ്....". ഇത്രയും പറഞ്ഞ് അവൻ തിരിച്ച് നടന്നു. അവസാനമായി ഒന്ന് കൂടി തിരിഞ്ഞ് നോക്കി വിട പറഞ്ഞു.

ആരാച്ചാർ അവനെ തൂക്കിലേറ്റി.കണ്ണൻ ഈ ലോകത്തോട് വിട പറഞ്ഞു. ആ ദു:ഖം താങ്ങാനാവാതെ അച്ഛനും അമ്മയും പുഴയിൽ ചാടി മരിച്ചു.

ഗുണപാഠം: ഈ കഥ ഒരു പ്രചോദനമായി ലഹരി വെടിയൂ...
നല്ലൊരു ലോകത്തിനായി.. നല്ലൊരു നാളേക്കായി.. നല്ലൊരു ഇന്ത്യക്കായി..

******





# <u>ഞങ്ങളുടെ യാത്ര ഇവിടെ ആരംഭിക്കുന്നു</u>

ഒരു യാത്ര എന്ന് പറയുമ്പോൾ സുഹൃത്തുക്കൾ ഒന്നിച്ച് പോവുന്ന ഒരു യാത്രയാകണം രസകരം. ഞങ്ങളുടെ യാത്ര ആ തരത്തിലായിരുന്നു. അങ്ങ് ഊട്ടിയിലേക്ക്.19/1/20l9 പുലർച്ചെ 5 മണിക്ക് യാത്രയാരംഭിച്ചു.ആദ്യമായിട്ടാണ് ഇങ്ങനെയൊരു യാത്ര.ഞങ്ങളെ യാത്രയാക്കാൻ മാതാപിതാക്കൾ കൂടെ വന്നിരുന്നു. അദ്ധ്യാപകരെല്ലാരും തയ്യാറായി നിന്നു. കൃത്യം 5.15 am ന് വണ്ടിയെടുത്തു. ബസിലെ പാട്ട് കേട്ട് എല്ലാരും നല്ല ഉല്ലാസത്തിൽ.8.30 am ന് നിലമ്പൂർ തേക്ക് മ്യൂസിയത്തിന് സമീപം പ്രഭാത ഭക്ഷണം.

നല്ല തണുപ്പ്. എല്ലാരും സ്വറ്റർ എടുത്തിട്ടു. വീണ്ടും യാത്രയാരംഭിച്ചു. പുറത്തെ കാഴ്ചകൾ ആസ്വദിച്ച് സമയം മുന്നോട്ട് നീക്കി. മറുഭാഗത്ത് പാട്ടിന്റെ ലഹരിയിൽ നൃത്തമാടുന്നവരെ കാണാമായിരുന്നു. 12 മണിക്ക് ഞങ്ങൾ ഊട്ടിയിലെത്തി. ഒരോ ചുരം കയറുമ്പോഴും മലഞ്ചെരിവിലെ തേയില കൃഷി, ഒരു സ്ഥലവും ഒഴിവാക്കാതെ അടുത്തടുത്ത് കാണുന്ന വീടുകൾ, സൂര്യനെ മറച്ച് നിർത്തി മഞ്ഞ് ഞങ്ങളെ വരവേറ്റു. 6°യായിരുന്നു താപനില.ആദ്യം പോയ ഷൂട്ടിംഗ് പ്ലേസിൽ തണുപ്പിന്റെ അട്ടിയായിരുന്നു. ആർക്കും താങ്ങാൻ കഴിയാത്ത ഒന്ന്. സ്ഥലങ്ങൾ ആസ്വദിക്കാൻ ഈ തണുപ്പ് സമ്മതിക്കില്ല എന്ന് തോന്നി.

പിന്നീട് ഞങ്ങൾ പോയത് റോസ് ഗാർഡനിലേക്ക്. പലതരത്തിലും നിറത്തിലുമുള്ള ഭംഗിയാർന്ന റോസാ പൂക്കൾ എന്നെ അമ്പരപ്പിച്ചു. പലരും പൂക്കളുടെ ഫോട്ടോ എടുക്കുന്നുണ്ടായിരുന്നു. പഴവർഗ്ഗങ്ങളും വസ്ത്രങ്ങളും വിൽക്കുന്നവരെ കണ്ടു. പക്ഷെ ഞങ്ങൾക്കുള്ള പർച്ചേസിങ്ങ് ടൈം ആയിട്ടില്ലായിരുന്നു.

ഊട്ടി തേയിലയുടെ രുചിയറിയാനായി അടുത്ത യാത്ര ടീ ഫാക്ടറി യിലേക്ക്. ഒരു മലയുടെ മുകളിലാണ് ഫാക്ടറി. താഴേക്കുള്ള കാഴ്ച അതി മനോഹരം. രുചിക്കാനായി ചോക്ലേറ്റ് തന്നു. അടിപൊളിയെന്ന് പറയാതെ വയ്യ. ചായപ്പൊടിയുണ്ടാക്കുന്ന രീതി കാണിച്ചു തന്നു. അതിന് ശേഷം അവടത്തെ സ്വാദിഷ്ഠമായതേയില ചായയും തന്നു. അപ്പോഴും

തണുപ്പ് ഞങ്ങളെ വിട്ട് പിൻമാറിയിട്ടില്ലായിരുന്നു. ആദിവസത്തിന്റെ അവസാന സമയത്ത് ഞങ്ങളുടെ യാത്ര ഒരു പ്രത്യേക സ്ഥലത്തായിരുന്നു. ബൊട്ടാണിക്കൽ ഗാർഡൻ. ജീവിതത്തിലൊരിക്കലും മറക്കാൻ കഴിയാത്ത കാഴ്ച..

തണുപ്പ് ഞങ്ങളെ തളർത്തിയേ അടങ്ങൂയെന്ന വാശിയിലാണെന്ന് തോന്നി. തണുപ്പാസ്വദിക്കാനാണ് ഊട്ടിയിൽ വന്നത്. ഗ്ലൗസ് ഇടാത്തതു കൊണ്ടാവാം കൈകൾ രണ്ടും രക്തം കട്ടപിടിച്ചത്പോലെ. കടച്ചിൽ അനുഭവപ്പെട്ടു. അവിടെവച്ച് ഞങ്ങൾ ഗ്രൂപ്പ് ഫോട്ടോയെടുത്തു.

പിന്നീടാണ് ഞങ്ങളുടെ പർചേസിങ്ങ് ടൈം. എല്ലാർക്കും സന്തോഷം. പക്ഷെ ഈ തണുപ്പിൽ നിന്നും എങ്ങനെയും രക്ഷപ്പെടണമെന്ന ചിന്തയും മനസിലുണ്ടായിരുന്നു. ഞങ്ങൾ കൂടുതൽ സമയമൊന്നും അവിടെ നിന്നില്ല.

ഹോട്ടൽ മുറിയിലേക്ക് ഒരു കി.മീ.നടത്തം. ആ നേരത്തെ തണുപ്പിന്റെ അവസ്ഥ ഞങ്ങൾക്കേ മനസിലാവൂ. എങ്ങനെയൊക്കെയോ ഹോട്ടലിൽ കേറിപറ്റി. ലഗേജുകളെടുത്ത് അവനവന്റെ റൂം കൈപ്പറ്റി. ഞങ്ങൾ ഗേൾസിന് ഒരു റൂമായിരുന്നു.6 ബെഡ്ഡുകൾ.. ഒരു ഭാഗത്ത് കണ്ണാടി... നീളത്തിൽ വലിയ ബാത്ത് റൂം. ഞങ്ങളുടെ രണ്ട് വശവും ബോയ് സിന്റെ റൂമുകൾ.കൃത്യം 10 മണിക്ക് ക്യാംമ്പ്ഫയർ ഒരുക്കിയിട്ടുണ്ട്. റെഡ്ഡിയാവാൻ പറഞ്ഞ് സാർ പോയി.

ഭക്ഷണം കഴിഞ്ഞ് ക്യാംമ്പ്ഫയർ. എന്റെ പല്ലുകൾ കൂട്ടിയിടിക്കാൻ തുടങ്ങിയിരുന്നു.ചൂട് കിട്ടാൻ ഏറ്റവും നല്ല മാർഗ്ഗം - ക്യാമ്പ് ഫയർ. എല്ലാരും ആർത്തുല്ലസിച്ച് ഡാൻസിൽ മുഴുകി. ടീച്ചേഴ്സും ഒപ്പം കൂടി. എല്ലാരും എന്തെന്നില്ലാത്ത സന്തോഷത്തിൽ. 5 മണിക്ക് എഴുന്നേൽക്കാനുള്ളത് കൊണ്ട് നേരത്തേ കിടന്നു.

കൃത്യം 5 am ന് എണീറ്റു. പുലർച്ചെയുള്ള ഊട്ടിയിലെ തണുപ്പ് പറഞ്ഞറിയിക്കാൻ കഴിയില്ല. ഭക്ഷണശേഷം വീണ്ടും യാത്ര.. വാട്ടർ തീം പാർക്കിലേക്ക്.വീണ്ടും പാട്ടും ഡാൻസും.

ഊട്ടി വിട്ട് ഞങ്ങൾ മേട്ടുപാളയത്തിലേക്ക്. കൂടെ തണുപ്പും വിട്ടു. റൈഡുകളിൽ കയറിയും നീന്തിയും സമയം ചിലവഴിച്ചു.

കൃത്യം 2.30 ന് മടക്കയാത്ര. വൈകുന്നേരം 5.30 ന് പാലക്കാട് Hotel Rose, the Restaurant ൽ നിന്നും അടിപൊളി ഭക്ഷണം. യാത്രയുടെ അവസാന ഘട്ടത്തിലേക്ക്. ഞങ്ങളൊന്നിച്ച് ഫോട്ടോകളെടുത്തു.

യാത്ര ഇവിടെ വച്ച് അവസാനിക്കുകയാണ്. മനസ്സിൽ ആനന്ദത്തിന്റെ അലതല്ലൽ. ജീവിതത്തിൽ മറക്കാനാവാത്ത ഒന്നാണ് സ്കൂൾ കാലഘട്ടവും ആ കാലത്തെ യാത്രകളും. ഇനിയും ഇതുപോലെയുള്ള യാത്രക്ക് വേണ്ടി കൊതിക്കുന്നു .ഈ യാത്ര ഞങ്ങൾക്കായി ഒരുക്കിയ അധ്യാപകരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. ഒരു നല്ല ഓർമ്മയായി എന്നും ഈ യാത്ര കൂടെയുണ്ടാവും..

*******

# THE OLD VILLAGE

JOEL TITUS
10 F



Once in the garden
we are see the sky
nigh in the garden
we are see the shining stars
in the full moon days
in the blowing wind
we saw the sky beautifully

morning in the hill top
we see the workers
morning in the hill top
the workers are work in fields
and the birds are flow up
in the sky from fields
with the sound of workers

noon in the church garden
the bell are blowing in the wind
sound of the prayer
the villagers come to pray
the bell are blowing in the wind
birds are flying down
to the earth in the evening

night in the full moon day
we are saw the milky
water full flow from the hill top
night in the full moon day
we see the yellow flower
in the villagers centre

VISHNU EV
9A



# ഇന്നത്തെ സമ്പാദ്യം നാളത്തെ വിജയം

പണ്ട് ഒരിടത്ത് ഒരു ധനികനായ മേനോനും പാവപ്പെട്ട,കർഷകനായ രാമുവും ജീവിച്ചിരുന്നു. മേനോൻ വലിയ അഹങ്കാരിയും ധൂർത്തനുമായിരുന്നു.പക്ഷെ രാമു അങ്ങനെയായിരുന്നില്ല. അധ്വാനിച്ചുണ്ടാക്കുന്ന പണം മിച്ചം പിടിച്ച് കരുതി വക്കുമായിരുന്നു. മേനോന് രാമുവിനോട് അസൂയയായിരുന്നു.

അങ്ങനെയിരിക്കെ ഒരിക്കൽ ആ ഗ്രാമത്തിൽ ഒരു മത്സരം നടക്കാനിടയായി.ഗ്രാമത്തിലെ ഏറ്റവും ധനികനാരാണെന്ന് കണ്ടെത്താനുള്ള മത്സരം.ഇതറിഞ്ഞ മേനോൻ രാമുവിനോട് ചോദിച്ചു, "ഹേ രാമൂ നീയറിഞ്ഞോ? ഗ്രാമത്തിൽ ഒരു മത്സരം വരുന്നു".

രാമു ആകാംക്ഷയോടെ ചോദിച്ചു, "എന്ത് മത്സരം?" .

മേനോൻ മറുപടി പറഞ്ഞു, "ഈ ഗ്രാമത്തിലെ ഏറ്റവും വലിയ ധനികനാരാണെന്ന്? എല്ലാവരും നാളെ രാവിലെ കവലയിലെ ആൽമരത്തിനടുത്തെത്തണം."

"ഞാനുമുണ്ട് മത്സരത്തിന് " രാമു പറഞ്ഞു

മേനോൻ അഹങ്കാരത്തോടെ പറഞ്ഞു "നീയോ? ഇത് ധനികർക്കുള്ള മത്സരമാണ് " എന്ന് പറഞ്ഞ് പൊട്ടിച്ചിരിച്ച് മേനോൻ വീട്ടിലേക്ക് മടങ്ങി ഇതൊന്നും കാര്യമാക്കാതെ രാമു രാവിലെ തന്നെ കവലയിലെത്തി. മത്സരത്തിന് ഒരു നിബന്ധനയുണ്ട്. മത്സരം ഒരു മാസം കഴിഞ്ഞാണ്.മത്സരത്തിനുള്ളവർ ഒരു മാസത്തിനുള്ളിൽ തനിക്ക് കഴിയാവുന്നത് സമ്പാദിക്കുക. ഒരു മാസം കഴിഞ്ഞ് വിധികർത്താക്കൾ വിജയികളെ തീരുമാനിക്കും.രാമു ഇത് കേട്ടതും സമയം കളയാതെ കൃഷിയിടത്തിൽ പണിയെടുത്തു. രാമുവിന്റെ കുഞ്ചികളുടെ എണ്ണം കൂടി കൂടി വന്നു. മേനോനാവട്ടെ താനാണ് ഈ ഗ്രാമത്തിലെ എറ്റവും ധനികനെന്ന അഹങ്കാരത്തിൽ പണം ധൂർത്തടിച്ചുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ ആ ദിനം വന്നെത്തി. വിധികർത്താക്കൾ വീടുകൾ സന്ദർശിക്കാൻ തുടങ്ങി. രാമുവിന്റെയും മേനോന്റെയും വീട്ടിലും എത്തി.

വിധി കേൾക്കാൻ എല്ലാരുമെത്തി. രാമുവിനെ വിജയിയായി പ്രഖ്യാപിച്ചു.രാമുവിനത് വിശ്വസിക്കാനായില്ല.മേനോൻ ഞെട്ടിവിറച്ചു. ഇതിന്റെ കൂടെ വിധികർത്താക്കൾ ഒന്ന് കൂടി പറഞ്ഞു, ഈ ഗ്രാമത്തിലെ ഏറ്റവും ദരിദ്രൻ മേനോൻ....

ഇതിലൂടെ മേനോൻ ഒരു പാഠം പഠിച്ചു, ആവശ്യത്തിനേ പണം ഉപയോഗിക്കാവൂ.... അഹങ്കാരം കൊണ്ട് ഒന്നും നേടാനാവില്ല.

******



# ശ്രൂപാന്തരം

വിശപ്പിന് പകരം നല്കാൻ
അന്നമല്ലാതെ മറ്റെന്ത്?
കാലടിപ്പാടിനുള്ളിൽ
അമർന്ന്പോയ ഹൃദയം
നീറുന്ന കനൽക്കട്ട
വീണ്ടും പുതുനാളം തേടുന്നു
ഒടുവിൽ ഒന്നവസാനമായ്
ആളിക്കത്താൻ
മാമൂല്യകളെ വിഴുങ്ങി -
ദഹിപ്പിച്ച് ശുദ്ധമാക്കാൻ
സർവ്വശക്തിയും സംഭരിച്ച്
കാത്തു നിന്നു കാറ്റിനായ്
ഒന്ന് തലോടാൻ
ജീവനിൽ അലിഞ്ഞു ചേരാൻ
ഒടുവിൽ ഒരു ഫീനിക്സ് പക്ഷിയായ്
ചിറകടിച്ചുയരാൻ
അലിവുള്ള മനുഷ്യനായ്......
കനിവായ് ...
ശ്രൂപമല്ല മനസാക്ഷിയത്രേ
മനുഷ്യത്വത്തിന്റെയളവുകോൽ.



***Athira***
**10D**

# <u>യാത്രാവിവരണം</u>

മോഡൽ സ്കൂളിലെ പത്താം ക്ലാസിലെ ഞങ്ങളുടെ പഠനയാത്ര മൈസൂർ, ബാഗ്ലൂർ എന്നീ സ്ഥലങ്ങളിലേക്കായിരുന്നു. 3/11/2018 രാവിലെ 5 മണിക്കായിരുന്നു ബസ് യാത്ര പുറപ്പെട്ടത്.രാവിലെ 9 മണിയോടെ ബത്തേരിയിലെത്തി.അവിടെ റോഡരികിൽ വച്ചായിരുന്നു രാവിലത്തെ ഭക്ഷണം. ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ അവിടെ ഇടാതെ കവറിലാക്കി ബസിൽ തന്നെ വച്ചു. അതിന് ശേഷം ബസിൽ പാട്ട് വക്കുകയും ഞങ്ങൾ അതിനോടൊത്ത് ഡാൻസ് കളിക്കുകയും ചെയ്തു. 12 മണിയോടെ മൈസൂർ മൃഗശാലയിൽ എത്തി. അവിടെ സിംഹം, പുലി, ജിറാഫ്, തുടങ്ങി പലതരം മൃഗങ്ങളെ കണ്ടു. അവിടെ ഒന്നര മണിക്കൂർ ചെലവഴിച്ചു. മൈസൂരിലെ ഹോട്ടൽ പ്ലാസയിലായിരുന്നു അന്നത്തെ താമസം. അവിടെ വച്ചായിരുന്നു ഉച്ചഭക്ഷണം. ഭക്ഷണത്തിന് ശേഷം ഞങ്ങൾ മൈസൂർ പാലസിലേക്കാണ് പോയത്. മൈസൂർ രാജാവ് ഉപയോഗിച്ചിരുന്ന പല സാധനങ്ങളും കാണാൻ പറ്റി. പിന്നെ ഞങ്ങൾ പാലസിന്റെ മുമ്പിൽ വച് ഫോട്ടോയെടുത്തു. അവിടെ നിന്ന് നേരെ തിരിച്ചത് വൃന്ദാവനത്തിലേക്കാണ്. വൃന്ദാവനത്തിൽ രാത്രിയിലെ light show മുഴുവനായും കണ്ടു. ഇവിടെ നിന്ന് നേരെ പോയത്

ചാമുണ്ഡേശ്വരി temple ലേക്കാണ്. അവിടന്ന് താഴേക്ക് നോക്കു ന്വോൾ മൈസൂർ സിറ്റി മുഴുവനായും കാണാൻ പറ്റി. അവിടന്ന് ഭക്ഷണം കഴിക്കാൻ പോയി. പിന്നെ നേരെ ഹോട്ടൽ പ്ലാസയിൽ പോയി കിടന്നുറങ്ങി.

രണ്ടാം ദിവസം രാവിലെ St. ഫിലോമിന ചർച്ചിൽ പോയി. അതിന് ശേഷം ഭക്ഷണം കഴിച്ച് നേരെ ബാംഗ്ലൂരിലേക്ക് പോയി.പോകുന്ന വഴിയിൽ ഞങ്ങൾ ശ്രീരംഗപട്ടണത്തിൽ ടിപ്പു സുൽത്താന്റെ സ്മാരകം കണ്ടു. പിന്നെ നേരെ പോയത് ബാംഗ്ലൂരിലെ ബനാർഗട്ടയിലേക്കായിരുന്നു. അവിടെ അവരുടെ ബസിലായിരുന്നു കാട്ടിലെ യാത്ര. മൃഗങ്ങളെയെല്ലാം അടുത്ത് നിന്ന് കാണാൻ കഴിഞ്ഞു. വളരെ രസകരമായിരുന്നു യാത്ര. അന്ന് ഉച്ചത്തെ ഭക്ഷണം ലാൽബാഗിലെത്തിയിട്ടായിരുന്നു. 240 എക്കർ സ്ഥലത്തായിരുന്നു അവിടത്തെ ഗാർഡൻ .അത് മുഴുവനായും ഞങ്ങൾ ചുറ്റി കണ്ടു. അവിടന്ന് തിരിച്ച് രാത്രി 8 മണിയോടെ purchase നായി Majestic Street ൽ എത്തി. പിന്നെ ഭക്ഷണം കഴിച്ച് നേരെ വണ്ടർലായിലേക്ക്. അന്ന് രാത്രി വണ്ടർലയിലായിരുന്നു.

മൂന്നാം ദിവസം രാവിലെ വണ്ടർലായിൽ ride ൽ എല്ലാം കയറി.ഉച്ചഭക്ഷണം കഴിഞ്ഞതിന് ശേഷം പിന്നെയും ഞങ്ങൾ വെള്ളത്തിൽ ഇറങ്ങി. 6 മണിയോടെ ബസിൽ കയറി യാത്ര തിരിച്ചു. നേരെ വീട്ടിലേക്ക്. എല്ലാവരും ഒരുമിച്ചുള്ള ഈ യാത്ര ഞങ്ങളുടെ മനസിൽ നിന്നും ഒരിക്കലും മായുകില്ല.

*****



# Powers of Earth



SAFDHAR SHAHADA
9D

Earth our mother, has three powers.
To protect earth, from is enemies
to make earth, a beautiful heaven
to make earth, a sole for human beings

when humans try to destroy the mother
children are coming to destroy humans
coming as a mother for saving mother
become a strong wall between
mother and enemies

The three powers, the heated fire
the wavy water, and an invisible wind
when we deerent lire will entry ces shid
when we mine, wind will enter like a bullet

Earth will tell this children they are
unstoppable, stop my deer and dearest
if they are in a hard tourism.
Mother will tell no and have fun.

***



Little Kites @ Magazine Work







# MOTHER IS ALL

***MOOSA DILSHADUL AMAN***
9A



Today children have no love and mercy to their own mother. Now a days children's are getting bored and tired by their own mother. Now I am going to tell a story that a child who was in an age of 26 and a very old mother who was living for his child Rahman. One day Rahman was in his home to eat his noon meal. He kept his costly mobile phone which was the latest model and it was also a smart phone. He kept it in the table and Rahman went to wash his hand. His mother was keeping rice in a plate and kept on table when she turned around the phone fall down and broken in to pieces of glass. Rahman ran to identity the sound. When Rahman saw the phone was broken in to pieces of glass, Rahman became very angry and told very cheap words to his own mother. Suhara his wife started to cry and told to Rahman be calm and be cool. But he became more angry and told " this phone was the latest model and it is very costly and I bought this yesterday itself.

Suhara came and said" is this phone more important than your mother" . "Yes, 1 bought it by waiting three months to get my three months salary " said Rahman. When Rahman's mother heared it she began to cry loudly and went out of the house by crying. Suhara told "go Rahman go, and stop her." Rahman told "No, don't worry, she would come evening, I know she would come ".
Suhara became sad. She sat down in the sit out room and started to wipe.
Rahman came and asked to Suhara" what happened ? why are you crying?"
Suhara handovered Rs 36000/- and told " Your mother is living only for you, look, when you told the amount of phone she immidetly went to the gold shop and sold her new ear ring s and gave me this money ".

Rahman went out at night. He felt very shame and sad for what he said to his own mother. Early morning he returned to his home with a packet, containing his mother's ear ring. When he entered, Suhara ran to Rahman and told that "our mother, she is no more".


**Dear friends don't be angry on small issues especially to our mother...**

# Life

Life is short
Make it sweet
Life is light
Make it bright
Life is honey
Try to taste it
Life is river
Try to swim it,
Life i s a book
Enjoy reading it
Life is a game
Win over playing it
Life is |over
Make it feel
Life is a song
Try to sing it
Life is puzzle
Try to solve it
Life is a trust
Try to succeed it

ABOO HANI M
9 A


GREEN AMBASSADORS-ARANYAKAM


പക്ഷികൾക്ക് ദാഹജലം


മണ്ണൊരുക്കം



School Vegetable Garden

*Abhishek MP*
*10 B*



# ചങ്ങാതി കുരുവി

ചക്കരമാവിന്റെ കൊമ്പത്തിരുന്നൊരു
അണ്ണാൻ കുഞ്ഞ് ചിലച്ചല്ലോ
അമ്പഴകൊമ്പിന്റെ ചായല് കണ്ട്
വണ്ണാത്തിപുള്ള് ചിലച്ചല്ലോ
ചക്കരമാവിന്റെ കൊമ്പത്തിരുന്നൊരു
അണ്ണാൻ കുഞ്ഞ് ചിലച്ചല്ലോ
അമ്പഴകൊമ്പിന്റെ ചായല് കണ്ട്
വണ്ണാത്തിപുള്ള് ചിലച്ചല്ലോ
ഉണ്ണികളാർത്ത് വിളിച്ച് വരുമ്പോൾ
മണ്ണ് മുഴുവനുണർന്നല്ലോഉണ്ണികളാർ
മണ്ണ് മുഴുവനുണർന്നല്ലോ
വേലിയിലുള്ളൊരു മുല്ലപ്പെണ്ണ്
കണ്ണ്മിഴിച്ച് ഉണർന്നല്ലോ
ചക്കരമാവിന്റെ കൊമ്പത്തിരുന്നൊരു
അണ്ണാൻ കുഞ്ഞ് ചിലച്ചല്ലോ
അമ്പഴകൊമ്പിന്റെ ചായല് കണ്ട്
വണ്ണാത്തിപുള്ള് ചിലച്ചല്ലോ
കുട്ടികൾ വട്ടത്തിൽ നൃത്തം ചവിട്ടുന്നു
പാട്ടുകൾ പാടികളിക്കുന്നു കുട്ടികൾ വട്ടത്തിൽ നൃത്തം ചവിട്ടുന്നു
പാട്ടുകൾ പാടികളിക്കുന്നു
തൊടിയിലെ നാരങ്ങചെടിയത്നോക്കി
കണ്ണ് കുഴഞ്ഞ് തളരുന്നു
തൊടിയിലെ നാരങ്ങചെടിയത്നോക്കി
കണ്ണ് കുഴഞ്ഞ് തളരുന്നു
ചക്കരമാവിന്റെ കൊമ്പത്തിരുന്നൊരു
അണ്ണാൻ കുഞ്ഞ് ചിലച്ചല്ലോ
അമ്പഴകൊമ്പിന്റെ ചായല് കണ്ട്
വണ്ണാത്തിപുള്ള് ചിലച്ചല്ലോ


Dancing with the UNIVERSE
Dance beneath the Stars as you drink
in the night
Let the thunder over take you
as lightning fills in the Sky
Feel the force of nature
Penetrate your skin
Spin with the world
as the magic sinks in.
Nihal NK
10 E



**SAHAD NN 8A**

# റിലൻ്വറി ബോക്സ്

ഇത് ഞാൻ എഴുതുന്നത് നിങ്ങളെ പേടിപ്പിക്കാനല്ല. നിങ്ങൾ അറിഞ്ഞിരിക്കാൻ വേണ്ടി മാത്രമാണ്. ആരൊക്കെ എസ്ര എന്ന സിനിമ കണ്ടിട്ടുണ്ട്?അതിൽ നമ്മളെ ആകർഷിച്ച ഒന്നാണ് ദിബുക്ക്
ബോക്സ്.ഇതിനെ കുറിച്ച് രണ്ട് വാക്ക് പറയാം.

ദി ബുക്ക് എന്നാൽ ജൂതമതക്കാരായ ആളുകളുടെ വിശ്വാസമാണ്.ദി ബുക്ക് ബോക്സിൽ ജൂതമതത്തിലുള്ള മന്ത്രവാദിനികൾ ശാന്തി കിട്ടാത്ത ആത്മാക്കളെ അടച്ച് വക്കും. ഇങ്ങനെയൊരാൾ ഭൂമിയിൽ ജീവിച്ചിരുന്നുവെന്നതിന് ഒരു തെളിവും ഉണ്ടായിരിക്കില്ല. എല്ലാം ആ പെട്ടിയുടെ അകത്തായിരിക്കും. അശാന്തി എന്നാൽ സ്വർഗ്ഗത്തിലേക്ക് പോവാൻ അനുമതി ലഭിക്കാത്ത ആത്മാവ് എന്നാണ്. ഈ ആത്മാവ് ഭൂമിയിൽ അലഞ്ഞു തിരിഞ്ഞ് മനുഷ്യർക്ക് ഒരു ശല്യമാവണ്ട എന്ന് കരുതിയാണ് ആ പെട്ടിയിൽ അടച്ച് വക്കുന്നത്. ഇതാണ് ദി ബുക്ക്ബോക്സ്.

പക്ഷെ ടാലന്ററി ബോക്സ് എന്നാൽ ശാന്തിയായ ആത്മാക്കളെ എന്ന് വച്ചാൽ സ്വർഗ്ഗത്തിലേക്ക് പോവാൻ അനുമതി ലഭിച്ച ആത്മാക്കളെയും ജൂതമതത്തിലെ ചില ദുർമന്ത്രവാദികൾ ഒരു വീഞ്ഞപ്പെട്ടിയിൽ അടച്ച് അടിമയാക്കി മാറ്റാൻ ശ്രമിക്കും. എന്നിട്ട് ആ ആത്മാവിനെ വച്ചവർ കൊള്ളയടിക്കും.പലപ്പൊഴും ആ ആത്മാവ് ദുർമന്ത്രവാദിയെ കൊന്ന് രക്ഷപെടാൻ ശ്രമിക്കും.പക്ഷെ രക്ഷപ്പെട്ടുമ്പോഴേക്കും അതിന് സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള സമയം കഴിഞ്ഞിരിക്കും. സ്വർഗ്ഗകവാടം അടഞ്ഞിരിക്കും.ഇതിന്റെ പക വീട്ടാൻ ഈ ആത്മാക്കൾ മനുഷ്യരെ ഓരോരുത്തരെയായി കൊന്നൊടുക്കും. ആ സമയത്ത് നല്ല മന്ത്രവാദികൾ ,മനുഷ്യന്റെ നൻമക്ക് വേണ്ടി ഇവരെ ഒരു പെട്ടിയിൽ അടച്ച വക്കും. അതാണ് ടിലന്ററി ബോക്സ്.

ഞാൻ നമ്മുടെ കഥയിലേക്ക് വരുകയാണ്.


ഒരിക്കൽ ഒരു നാട്ടിലൊരു മന്ത്രവാദിയുണ്ടായിരുന്നു. എല്ലാരുടെയും കണ്ണിലുണ്ണിയായിരുന്നു അയാൾ. അങ്ങനെ ഒരു ദിവസം ഒരു വീട്ടിൽ ചെന്ന് അയാൾ പറഞ്ഞു, "ഈ വീടിന്റെ നില്പ്
ശരിയല്ല. ഈ വീട്ടിൽ ടിലന്ററി ബോക്സിൽ നിന്നും പുറത്ത് ചാടിയ ആത്മാവുണ്ട്ജീ,വൻ വേണമെങ്കിൽ ഇതുപേക്ഷിച്ച് പോണം."
ഉടനെ കുടുംബനാഥൻ പറഞ്ഞു, "താങ്കൾ പൊയ്ക്കോളൂ..
ഇവിടത്തെ ആത്മാവ് നിങ്ങളെ പിടിച്ച് കടിച്ച് കീറി തിന്നും.
വേഗം സ്ഥലം വിട്ടോളൂ... "
കുടുംബനാഥൻ പറഞ്ഞു, "ദി ബുക് ബോക്സും ടിലന്ററി ബോക്സും ആളുകളെ പറ്റിക്കാനുള്ള കെട്ടുകഥകളാണ്. അതിലൊന്നും ബുദ്ധിയുള്ളവർ വീഴില്ല."

ബുദ്ധിയാണ് ശക്തി

***


SPC


JRC



POOJA PP

9A

# സുഹൃത്ബന്ധം

സുഹൃത്ബന്ധത്തിന്റെ പ്രത്യേകത എന്ന് വച്ചാൽ പരസ്പരം അറിയാനും പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള നല്ല മനസ് സുഹൃത്തുക്കളിൽ നിന്നും പഠിക്കുന്നു. അങ്ങനെയുള്ള മൂന്ന് സുഹൃത്തുക്കളുടെ കഥയാണ് ഞാൻ ഇവിടെ കുറിക്കുന്നത്.

നില്ലു, കല്ലു, അനു ഇവർ മൂന്ന് പേർ വളരെ അടുത്ത സുഹൃത്തുക്കളാണ്. പരസ്പരം സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവയ്ക്കുന്ന നല്ല സുഹൃത്തുക്കൾ. ഒരു ചെറിയ ഉൾഗ്രാമത്തിൽ ജനിച്ച് വളർന്ന മൂന്ന് പേർ.ഇവർ അവിടെയുള്ള ഒരു ചെറിയ സ്കൂളിലാണ് പഠിക്കുന്നത്. സ്കൂളിൽ പോവുന്നതും വരുന്നതും ഒരുമിച്ച്.

ഒരു ദിവസം സ്കൂൾ വിട്ടു വരുമ്പോൾ കല്ലുവിന് ഒരു അപകടം സംഭവിച്ചു.നില്ലുവിന്റെയും അനുവിന്റെയും കരച്ചിൽ കേട്ട് ഓടിയെത്തിയ നാട്ടുകാർ കല്ലുവിനെ ആശുപത്രിയിലാക്കി. ആശുപത്രിയിലും വീട്ടിലുമായി നില്ലുവും അനുവും അവളെ പരിചരിച്ചു.

കാലം കടന്നു പോയി. വളർന്ന് വലുതായ മൂന്ന് പേരും പല സ്ഥലങ്ങളിലായി.ഒരിക്കൽ പട്ടണത്തിൽ വച്ച് നില്ലുവും കല്ലുവും കണ്ടുമുട്ടുന്നു. സന്തോഷം കൊണ്ട് വീർപ്പുമുട്ടിയ അവർ പരസ്പരം കെട്ടി പുണർന്നു. പെട്ടന്നാണ് അവർക്ക് മുന്നിലേക്ക് റോഡ് മുറിച്ച് കടന്നു വരുന്ന സ്ത്രീ ഒരു ലോറി തട്ടി വീണ് തൽക്ഷണം മരിക്കുന്നു. ഓടിക്കൂടിയ ആളുകൾക്കിടയിലൂടെ അവരത് കാണുന്നു, അപകടം പറ്റി വീണ സ്ത്രീ അനുവായിരുന്നു.

ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരു ബന്ധം... അത് സുഹൃത്ബന്ധമാണ്...



Ummmer Farooque 10D

# ഓളും   ഞാനും

നല്ല   കാലവർഷമായിരിന്നു.അന്ന് സ്കൂശവിടാൻ ഒരുപാട് വൈകി.മഴ കാരണംആരും സ് ക്കുൾവിട്ട് പോയിരുന്നില്ല.കുട്ടുക്കാരെല്ലാം  സൊറ പറയുന്നു.എൻെറ ശ്രദ്ധ  അവിടെത്തി.വാപ്പച്ചിയെ നോക്കി വഴിയുടെ വിദൂരതയിലേക്ക് അവൾ നോക്കിനിന്നു.അവളുടെ മുഖം വല്ലാതെയായി.കാരണം ഒരോ നിമിഷവും കഴിയുംതോറും അവളുടെ കുട്ടുകാരികൾ പോകുവാൻ തുടങ്ങി.വിദൂരത നിറഞ്ഞവരാന്ത ഒറ്റക്കായി.അപ്പോൾ അതാ എൻെറ കുട്ടക്കാരിൽ  ഒരാളായ "സുഹൈൽ"എന്നോട് ചോദിച്ചു "അല്ല ഇങ്ങനെ   നിന്നാൽ  മതിയോ വീട്ടിൽ  പോകണ്ടേ?"



"ഞാൻ പറഞ്ഞു  നിങ്ങൾ നടന്നൊ ഞാൻ പുറകെ വന്നോളാം"എന്നിട്ടും അവർ പോകാൻ തോന്നിയില്ല.പക്ഷേ എകിലും എൻെറ  നിർബന്ധത്തിനു വഴങ്ങി അവർപോയി.അങ്ങനെ സ്കൂളിൽ ഓളും  ഞാനും മാത്രമായി.

സ്റ്റാഫ് മുറി പൂട്ടി.ബൈക്ക്  സ്റ്റാർട്ട് ആക്കി സാർ എൻെറ മുന്നിൽ ബൈക്ക് നിർത്തി. സാർ മഴക്കോട്ട് ധരിച്ചിരുന്നതു കൊണ്ട് സാറിന് സുഖമായിവിട്ടില്ലെത്താ..ആരോടെന്നില്ലാതെ ഞാൻ മനസ്സിൽ വിചാരിച്ചു.അവിടെ  ഒറ്റയിക്ക് നിൽക്കുന്ന.അവളെ എൻെറഅടുത്തേക്ക്  വിളിച്ചു.അവൾ നടന്ന്  നടന്ന് പതിയെ എൻെറ അടുത്തേക്ക് നീങ്ങി.അവളുടെ ഭംഗിയുളള നീല കണ്ണുകൾ എന്നെ ഇടയ്ക്ക് നോക്കുണ്ടായിരുന്നു.അവളുടെ മുഖത്ത് എൻെറ കണ്ണുകൾ ഇമവെട്ടാതെ അങ്ങനെ നോക്കി.അവൾ പതിയെ പതിയെ നടന്നു. എൻെറ കൈയിൽ ഒരു കുട ഉണ്ട്. സാർ പറഞ്ഞു നിൻെറ വീട്ടിലേക്ക് പോകുന്ന വഴിക്ക് അല്ലെ  അവളുടെ വീട് നീ അവളെ അവിടെ ഒന്നു കൊണ്ടുവിടണം.അവളുടെ വാപ്പച്ചിയെ വിളിച്ചിട്ട് എടുക്കുന്നില്ല.ഞാൻ ബേഗ് തുറന്നു.അവളുടെ വീടിനടുത്ത് എത്തി എന്നോട് പറഞ്ഞു പോകട്ടെ എന്ന് പക്ഷേ മനസ്സില്ലാമനസോടെയാണെങ്കിലും ഞാൻ അവളെ പറഞ്ഞയച്ചു.അവൾ ഒരോ അടി വച്ച് വീട്ടിലേക്ക് നടന്നു നീങ്ങുന്നതിനിടയിലും,എന്നെ ഒരുപാട് തവണ തിരിഞ്ഞ് നോക്കുന്നുണ്ടായിരുന്നു.ഞാൻ അവൾ പോയതിനുശേഷം വീട്ടിലേക്ക് നടന്നു.വീട്ടിൽപോയി ഉമ്മറത്ത് ഇരുന്നു.വീട് പൂട്ടി ഇട്ടിരിക്കുകയായിരുന്നു.പക്ഷേ ഞാൻ ഒറ്റയ്ക്ക് അല്ലായിരുന്നു എന്നിക്കൊപ്പം അവളുടെ ഓർമ്മകളും ഉണ്ടായിരുന്നു.

***


ശ്രദ്ധ ക്ലാസ്


വയലാർ അനുസ്മരണം


മലയാളത്തിളക്കം


അക്കാദമിക് മാസ്റ്റർ പ്ലാൻ നിർവഹണം
നാടൻപാട്ട് ശിൽപ്പശാല

# ഒരു കുട്ടിയുടെ ദുരന്തം



***ARUN V***
***9D***

വഴിയരികിൽ ഒരു ചെറിയ കുട്ടി ഇരിക്കുന്നു. വളരെ ദയനീയമായ അവസ്ഥ. രണ്ട് മൂന്ന് വയസ് കാണും. നല്ല ഭംഗിയുള്ള വെളുത്ത് മെലിഞ്ഞ കുട്ടി. വഴിയിലൂടെ പോവുന്ന ചിലയാത്രക്കാർ ആ കുട്ടിയെ നോക്കി, "എന്ത് നല്ല കുട്ടി... ഇതിനെങ്ങനെ ഈ അവസ്ഥ വന്നു...?"എന്നിങ്ങനെ പറയുന്നത് കാണാം. അത് വഴി വന്ന ഒരു സൈനിക ഉദ്യോഗസ്ഥന് ഈ കുട്ടിയെ കണ്ട് ഇഷ്ടം തോന്നി. "എന്റെ മകൻ രമേശിന്റെ കല്യാണം കഴിഞ്ഞ് വർഷം അഞ്ചായി. ഇതു വരെ അവനും സുമനക്കും ഒര് കുഞ്ഞി കാല് കാണാനുള്ള ഭാഗ്യം ഉണ്ടായിട്ടില്ല" എന്നദ്ദേഹം ചിന്തിച്ചു. വർമ്മ ഈ കുട്ടിയെ വീട്ടിലേക്ക് കൊണ്ട് പോയി. പുതു വസ്ത്രങ്ങൾ വാങ്ങി. പുതിയ പേരിട്ടു.. മീനു രമേശിനും സുമനക്കും മീനുവിനെ ഇഷ്ടമായി. മീനുവിനെ സ്വന്തം മകളെന്ന പോലെയവർ ജീവിതത്തിലേക്ക് കൊണ്ടുവന്നു.

അവൾക്ക് വേണ്ട എല്ലാ സാധനങ്ങളും അവർ മൂവരും വാങ്ങി... അവൾക്കവിടെ ഒന്നിന്റെയും കുറവുണ്ടായില്ല. വർഷങ്ങൾ കടന്ന് പോയി. മീനുവിനെ സ്കൂളിൽ ചേർത്തു. വർമ്മയുടെ മരണം അവളെ വല്ലാതെ വേദനിപ്പിച്ചു.

സുമനക്കും രമേശിനും ഒരു കുഞ്ഞ് പിറന്നു. മീനു വിനോടുള്ള ഇഷ്ടം പതിയെ കുറഞ്ഞ് തുടങ്ങി.അവരുടെ മനസിൽ നിന്നും അവൾ അകലാൻ തുടങ്ങി.. ഒരു വീട്ടുജോലിക്കാരി മാത്രമായി മീനു മാറിത്തുടങ്ങി.

വീട്ടിൽ നിന്നും ഇറക്കി വിടപ്പെട്ട മീനു ഒരു ഹോസ്റ്റലിൽ എത്തിചേർന്നു.

അവിടെ നിന്ന് പഠിച്ച് മീനു ഒരു വലിയ ഉദ്യോഗസ്ഥയായി.

കാലം കടന്നു പോയി.രമേശിനും സുമനക്കും പ്രായമായി. അവരുടെ എല്ലാ സ്വത്തും മകൻ ആദിയുടെ പേരിൽ എഴുതി വച്ചു. ഉയർന്ന പദവിയിലെത്തിയ അവൻ അമ്മ അച്ഛനെയും നോക്കാതായി. വിവരമറിഞ്ഞ മീനു അവരെ സ്വന്തം വീട്ടിലേക്ക് കൂട്ടികൊണ്ടു പോയി...

***



## Little Kites-News Reporters with RADIO FM

# കാവലായിരുന്ന ആ ഉറക്കം

ഒരിടത്ത് ദരിദ്രനെന്ന് തോന്നിക്കുന്നതും എന്നാൽ അത്ര പണക്കാരനുമല്ലാത്ത ഒരു കടക്കാരനുണ്ടായിരുന്നു.അങ്ങനെയൊ

ഇക്കാര്യം ഭാര്യയോട് പറഞ്ഞതോടെ അത് കുടുംബത്തിലും പരന്നു. ഒരുനാൾ രാവിലെ അയാൾ ആ ഭിക്ഷക്കാരനെ കണ്ടില്ല. ദാഹിക്കുന്നവന് വെള്ളം കിട്ടിയ പോലെ അയാളുടെ മനസിന് അതൊരു സാന്ത്വനമായി. കട തുറന്ന് നോക്കിയ അയാൾ ഞെട്ടി പോയി. കടയിൽ മോഷണം നടന്നിരിക്കുന്നു.ഒരു കെട്ടിടം ആദ്യ തട്ടിൽ നിന്നും പൊളിയും പോലെ അയാളുടെ ഹൃദയം തകർന്നു. അയാൾ മനസിലുറപ്പിച്ചു. ഇതാ ഭിക്ഷക്കാരൻ തന്നെ.

അയാളെ പോലീസിലേൽപ്പിക്കണം. അതിന് നല്ലൊരു തെളിവ് കിട്ടണം. കടക്കാരൻ CCTV ദൃശ്യങ്ങൾ പരിശോധിക്കാൻ തുടങ്ങി. പതിവുപോലെ അർദ്ധരാത്രി കടക്ക് മുന്നിലുറങ്ങുന്ന ഭിക്ഷക്കാരൻ.

അവിടേക്ക് കടന്ന് വരുന്ന മുഖം മറച്ച മൂന്ന് പേർ.കടക്കുത്തി പൊളിക്കുന്ന ശബ്ദം കേട്ട് ഞെട്ടിയുണർന്ന് തടയാൻ ശ്രമിച്ച ഭിക്ഷക്കാരനെ അവരിലൊരാൾ കാഠാരയെടുത്ത് കുത്തുന്നു.ഈ ദൃശ്യം കണ്ടതോടെ കടക്കാരന്റെ കണ്ണുകൾ നിറഞ്ഞു. ഏത് വരണ്ട കണ്ണുകളെയും ഈ റനണിയിക്കുന്നതായിരുന്നു ആ രംഗം.

"അകാരണമായി ആരെയും നമ്മൾ സംശയിക്കരുത് "

Muhammed NabeelTM
**10 F**

# MAGIC CLAY JAR

Lee, a farmer, work hard in his farmland.Eventhough he worked hard he could n't make enough money for his IiveIyhood.One day while he was digginghis farm;his shovel hit Some thing hard.He became very ancious. He started to dig very carefully and removing the soil there. ltwas a large earthen jar. He took it out carefully, as he didn't want to break it.

Lee carried it home to carefully. The jar coverd with mud.When his wife saw this she told; "Ah! this looks usefull. We can store something in it.while she cleaning her bangle was fall in it, the jar became full with same type of bangles. The farmer and his wife started dancing around with joy. They deoided to sell thebangles in the market.lt helped them to lead a good life.

Days passed.One day a coin fell inside the jar from Lee's hand ,the bangles disappeared and the coin took place. They didn't wanted to even go to the market to sell the gold.

The richness made him proud and arrogant. He built a mansion and with his family he lead a luxurious life. Lee had a grand father. As he was very old hecouldn't do any work. He shouted very hard to grand father. Now grand father began to collect coins from the pot. He shiverd while doing the work.If ever he was slow in doing the work or rested for a whiie Lee would shout at him.

One day while doing his job grand father fell with very tired .Soon he slipped and fell As days passed by grand father grew weary as weak. One day while doing his job grand father fell with very tired .Soon he slipped and fell in to thin to the jar. Poor old man!he died inside the earthen jar.

All the coins in the jar suddenly disappeared.when they took out that body ,again another dead body appeared as lying there.Thus handreds and hundreds of dead bodies one after began to appear.

Lee had to cremate these.Thus he had spend all his money for that. No matter what they did, there was always a corpose jar in it. As there was no other day,he broke the jar and cremated the last dead body. By that time, he had became as poor as before.

Mazin BinYounus
9.C





